**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **04-10-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള വ്യാജ പ്രചരണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റ മാർഗ്ഗങ്ങളിലൂടെയും വിവിധ വിഭാഗങ്ങൾക്കിടയിൽ സ്പർദ്ധ വളർത്തുന്ന പ്രവൃത്തികൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റ മാർഗ്ഗങ്ങളിലൂടെയും വിവിധ വിഭാഗങ്ങൾക്കിടയിൽ സ്പർദ്ധ വളർത്തുന്ന പ്രവൃത്തികൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സമൂഹമാധ്യമങ്ങളിൽ ഇത്തരത്തിൽ വരുന്ന പോസ്റ്റുകൾ പോലീസിന്റെ വിവിധ സൈബർ വിഭാഗങ്ങൾ, ജില്ലാ സൈബർ സെല്ലുകൾ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, സൈബർ ഡോമുകൾ, സോഷ്യൽ മീഡിയ സെൽ, ഹൈ-ടെക് സെൽ എന്നിവ വഴി സൈബർ പട്രോളിംഗ് നടത്തുകയും നിയമ വിരുദ്ധമായ പോസ്റ്റുകൾക്കും, വീഡിയോകൾക്കും, ശബ്ദ സന്ദേശങ്ങൾക്കുമെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം പ്രവൃത്തികൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റ മാർഗ്ഗങ്ങളിലൂടെയും വിവിധ വിഭാഗങ്ങൾക്കിടയിൽ സ്പർദ്ധ വളർത്തുന്ന പ്രവൃത്തികൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സമൂഹമാധ്യമങ്ങളിൽ ഇത്തരത്തിൽ വരുന്ന പോസ്റ്റുകൾ പോലീസിന്റെ വിവിധ സൈബർ വിഭാഗങ്ങൾ, ജില്ലാ സൈബർ സെല്ലുകൾ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, സൈബർ ഡോമുകൾ, സോഷ്യൽ മീഡിയ സെൽ, ഹൈ-ടെക് സെൽ എന്നിവ വഴി സൈബർ പട്രോളിംഗ് നടത്തുകയും നിയമ വിരുദ്ധമായ പോസ്റ്റുകൾക്കും, വീഡിയോകൾക്കും, ശബ്ദ സന്ദേശങ്ങൾക്കുമെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വ്യാജവാർത്തകൾ നൽകി വർഗീയകലാപം സൃഷ്ടിക്കാൻ ചില ഓൺലൈൻ പോർട്ടലുകൾ ശ്രമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഓൺലൈൻ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി സൈബർ സെല്ലുകളും സൈബർ ഡോമുകളും പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗവും പ്രത്യേകം നിരീക്ഷണവും നടത്തി |

| | | | |
|---|---|---|---|
| | പോർട്ടലുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് അറിയിക്കുമോ? | | വരുന്നുണ്ട്. ഓൺലൈൻ പോർട്ടലുകൾ മുഖേന വ്യാജ വാർത്തകൾ നൽകി വർഗ്ഗീയ കലാപം സൃഷ്ടിക്കാൻ ശ്രമിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ